# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.460 26-04-2017-ലെ മറുപടിയ്ക്ക്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി. ദിവാകരൻ | ഡോ.ടി.എം. തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>നോട്ട് ക്ഷാമം</u>**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് അനുഭവപ്പെടുന്ന നോട്ട് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽനിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പടുമ്പോൾ മിക്ക ദിവസവും 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായിട്ടുള്ളൂ. ഈ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ആവശ്യമായ നോട്ട് ലഭിക്കാത്ത് മൂലം സംസ്ഥാനത്ത് ട്രഷറികളുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ; | ട്രഷറികളുടെ പ്രവർത്തനത്തിൽ തടസ്സം നേരിട്ടിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച നടപടികൾ മൂലം ട്രഷറികൾക്ക് ലഭ്യമായ കറൻസി ഉപയോഗപ്പെടുത്താൻ സാധിച്ചത് വഴി ഒരു പ്രതിസന്ധി ഒഴിവാക്കാൻ ആയിട്ടുണ്ട്. കോർബാങ്കിംഗ് സംവിധാനം വഴി ട്രഷറികളെ പരസ്പരം ബന്ധിപ്പിച്ചതും പ്രതിസന്ധിക്ക് അയവുണ്ടാക്കിയിട്ടുണ്ട്. തുടർച്ചയായി ആവശ്യപ്പെടുന്ന കറൻസി ലഭ്യമാക്കാത്ത സ്ഥിതിവിശേഷം ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കും. ഇക്കാര്യം അതാതു സമയത്ത് ആർ.ബി.ഐ യുടെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ